പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : റ്റി 2421

18/06/2014-ൽ
മറുപടിയ്ക്കു്

**അമിക്കസ്ക്യൂറി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ**

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് വന്ന സുപ്രീം കോടതി വിധിയുടെ പകർപ്പ് സർക്കാരിന് ലഭ്യമായോ എന്നറിയിക്കുമോ; | എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് നിലവിൽ സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസുമായി ബന്ധപ്പെട്ടുള്ള ഇടക്കാല ഉത്തരവുകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. |
| ബി) എങ്കിൽ ഇതു പരിശോധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | ബി) ക്ഷേത്ര ഭരണ കാര്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ബഹു. സുപ്രീം കോടതി നിയോഗിച്ചിരുന്ന അമിക്കസ്ക്യൂറി റിപ്പോർട്ടിന്മേൽ ബഹു. സുപ്രീം കോടതി 24/2/2014 -ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. കെ.എൻ. സതീഷ്, ഐ.എ.എസ് നെയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ സർക്കാരിന്റെ പ്രതിനിധിയായി തിരുവനന്തപുരം ജില്ലാ കളക്ടർ ശ്രീ. ബിജുപ്രഭാകർ, ഐ.എ.എസ് നെയും നിയമിച്ചിട്ടുണ്ട്. കൂടാതെ എക്സ്പെർട്ട് കമ്മിറ്റിയുടെ പ്രവർത്തന ചെലവിനായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മിത്രാനന്ദപുരം, പത്മതീർത്ഥം എന്നീ കുളങ്ങൾ ശുദ്ധീകരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിക്കുന്നുമുണ്ട്. |
| സി) ശ്രീപത്മനാഭ സ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് അമിക്കസ് ക്യൂറി സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെക്കാമോ; | സി) ഇത് ഒരു പൊതുരേഖയാണ്. |

ഡി) 2011 –ൽ പത്മനാഭ സ്വാമി ക്ഷേത്ര നടത്തിപ്പുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി പരിശോധിച്ചിരുന്നുവോ; വിശദാംശം വെളിപ്പെടുത്താമോ?

ഡി) ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന് ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിച്ചത് 2011 ജനുവരി 31 –നാണ്. ക്ഷേത്ര ഭരണത്തിനായി ഒരു ട്രസ്റ്റോ അല്ലെങ്കിൽ നിയമപരമായ സംവിധാനമോ മൂന്നു മാസങ്ങൾക്കുള്ളിൽ ഏർപ്പെടുത്തണമെന്നായിരുന്നു കോടതി വിധി. എന്നാൽ മുൻ സർക്കാർ ഇതിനായി ക്രിയാത്മകമായ നടപടികളൊന്നും സ്വീകരിച്ചില്ല. ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ 2011 ഏപ്രിൽ മാസത്തിൽ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ക്ഷേത്ര ഭരണം ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് ബഹു. സുപ്രീം കോടതി സ്റ്റേ ചെയ്യുകയുണ്ടായി. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിയ്ക്ക് അനുസൃതമായി സർക്കാർ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കു ന്നതാണ് .

സെക്ഷൻ ഓഫീസർ